**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 747** **09-06-2021 - ൽ മറുപടിയ്ക്ക്**

**യുവജന ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ. പ്രേംകുമാർ | | Shri Saji Cherian<br>(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കേരളോത്സവം, സാഹിത്യക്യാമ്പ്, യുവ മാധ്യമ പ്രവർത്തക ക്യാമ്പ്, ചലച്ചിത്ര ക്യാമ്പ്, സാഹസിക പ്രവർത്തനങ്ങൾ, വനിതാ ശിൽപശാല, പി.എസ്.സി പരീക്ഷാ പരിശീലനം, പരിസ്ഥിതി ദിനാചരണം, മഴക്കാലപൂർവ്വ ശുചീകരണം, യുവജനദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, നാടൻകലാമേള, കളരിപ്പയറ്റ്പഠനം, സ്വയംതൊഴിൽ ബോധവത്ക്കരണ ക്യാമ്പയിനുകൾ, വ്യക്തിത്വവികസന പരിശീലന ക്യാമ്പ്, ചിത്രരചനാക്യാമ്പ്, സ്പോർട്സ് കിറ്റ് വിതരണം, ജൻഡർ പ്രോജക്ട്, കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ്, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷാ ട്രെയിനിംഗ്, അമച്വർ നാടകോത്സവം, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, മണിനാദം നാടൻപാട്ട് മത്സരം, സെവൻസ് ഫുട്ബോൾ ടൂർണമെന്റ്, എൽ.ഇ.ഡി ബൾബ് നിർമ്മാണ പരിശീലനവും നിർമ്മാണ വിപണനവും എന്നിവയാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ. മദ്യ-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ച് കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ബോധവത്ക്കരണ പരിപാടികൾ നടത്തുക, ജില്ലകളിൽ അദാലത്തുകളും സിറ്റിംഗുകളും നടത്തുക, ദേശീയ സെമിനാർ, ജില്ലാതല സെമിനാർ/ സിമ്പോസിയം/ശില്പശാല, യൂത്ത് ഐക്കൺ അവാർഡ് എന്നിവ സംഘടിപ്പിക്കുക, |

| | | | |
|---|---|---|---|
| | | | പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ ആരോഗ്യ പരിപാലനം, യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ, സാംസ്കാരിക വിനിമയ പദ്ധതി, യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം, ദേശീയ യുവജന ദിനാഘോഷം എന്നിവയാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ. |
| (ബി) | ഈ രംഗത്ത് കേരള യുവജനക്ഷേമ ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് മത്സരപരീക്ഷകളിൽ വിജയം കൈവരിക്കുന്നതിന് യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു വരുന്ന പരിശീലന പരിപാടികൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്തെ യുവജനങ്ങൾക്ക് വിവിധ മേഖലകളിലെ പരീക്ഷകളിലും അഭിമുഖങ്ങളിലും ഉന്നത വിജയം കരസ്ഥമാക്കുന്നതിന് ഉപയുക്തമായ രീതിയിൽ മത്സരാർത്ഥികൾക്ക് പരിശീലനം നൽകുന്ന പദ്ധതി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്നു. ഓൺലൈൻ മുഖാന്തിരവും ബോർഡിന്റെ യുട്യൂബ് ചാനൽ വഴിയും പി.എസ്.സി, യു.പി.എസ്.സി, റെയിൽവേ, സിവിൽ സർവ്വീസ് തുടങ്ങിയ മത്സര പരീക്ഷകൾക്കും കരിയർ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും പരിശീലന ക്ലാസുകൾ നൽകുകയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ